# ഫോർ സെയിൽ

ഫൈസൽ അബൂബക്കർ

വിൽക്കാനുള്ളതൊക്കെയും ഒരുക്കിവെച്ചിരിക്കുന്നു
വിഭവങ്ങളൊക്കെയും സ്വഫ്ഫായി
പാരമ്പര്യത്തിളക്കത്തോടെ
പട്ടുറുമാലിൽ നിരത്തിയിരിക്കുന്നു

ഒട്ടകം പേറുന്ന ഗ്രന്ഥത്തിലെയൊരു താളിൽ
(ആദായ) വിലവിവരപ്പട്ടിക നിവർന്നു കിടപ്പുണ്ട്
വിൽപനക്കായുണ്ട്
ത്വാഇഫിലെ ചോരപുരണ്ട കല്ലുകൾ
സുമയ്യക്ക് സ്വർഗമൊരുക്കിയ കുന്തം
ഖൻദഖ് കീറിയ സമർപ്പണത്തിന്റെ പിക്കാസ്
സുറാഖ തലയിലണിഞ്ഞ കിരീടം

ഇതാ... ബംബർ സെയിൽ!!
മണ്ണു പൊള്ളവേ...
ബിലാലുയർത്തിയ ആദർശ ശബ്ദം സീഡിയിലാക്കിയത്
ഉഹുദു മലക്കപ്പുറത്തുനിന്നാഞ്ഞുവീശിയ
സ്വർഗ പൂങ്കാറ്റിനെയടക്കം ചെയ്ത അത്തർകുപ്പികൾ
ഭൂമിയിലേക്കുള്ള കനം കുറക്കാൻ
ബദ്റിലെറിഞ്ഞ കാരക്കയുടെ പരന്ന തോട്ടം

പാക്കേജ് ടൂറുകളുണ്ട്
വിനോദ യാത്രക്കൊരുങ്ങുക
ശിഅ്ബ് അബീത്വാലിബ്
ഹിറയും ബദ്റും ഉഹുദും തബൂക്കും....
എന്ത്, കൈയിൽ പണമില്ലെന്നോ...?
നിങ്ങളാണുത്തമരെന്നെഴുതിയ പതാകയുടെ
പളപളപ്പുമുയരവും പണയമായേകിയാൽ
കടം ഡോളറായി നൽകാം.
യജമാനനോട് നന്ദികെട്ടവനീ മന്നനെന്നു
പറഞ്ഞുകൊണ്ടൊരു കുതിര
നിൽക്കുന്നവനെ, നിൽക്കുന്നവനാക്കി
കച്ചവടം പൊടിപൊടിക്കവേ....
തിരക്കിലൂടെ കടന്നുപോയി.

# അടിമകൾ

സത്യചന്ദ്രൻ പൊയിൽക്കാവ്

അടിമുതൽ മുടിവരെ
അടിമയായ് തീർക്കുവാൻ
ആരോ വിളിക്കുന്നു
അധികാരമുള്ളവർ
ആത്മാവിൽ ചെകുത്താന്റെ
മേൽവിലാസമുള്ളവർ
അന്ധസംസ്കാരങ്ങൾ
ആകാശമായവർ
ജീവനെ, പച്ചയെ
കൊന്നു മദിച്ചവർ

മാനവ സ്വപ്നങ്ങൾ
മണ്ണിട്ടു മൂടിയോർ
മൂഢർ മലിനമാം
സ്വപ്നങ്ങളുള്ളവർ
അവരെ തുണക്കുവാൻ
അർധ നഗ്നരായി നാം
മത്സരിച്ചീടുമീ
നാട്ടിൽ നിലച്ചുവോ
സ്നേഹം, ദയ നല്ല
വാക്കും കവിതയും.